CAREER Updates

# പത്രവൃത്താന്തം

## (2020 ജൂലൈ മാസത്തെ പത്രവാർത്തകളെ അധികരിച്ച് തയ്യാറാക്കിയത്)

## പ്രാദേശിക വാർത്തകൾ

◊ കൊവിഡ് 19 പശ്ചാത്തലത്തിൽ കേരളത്തിൽ മടങ്ങിയെത്തുന്ന പ്രവാസികളുടെ പുനരധിവാസം ലക്ഷ്യമാക്കിക്കൊണ്ട് സംസ്ഥാന സർക്കാർ ആരംഭിക്കുന്ന പദ്ധതി

**ഡ്രീം കേരള**

◊ മൂന്നു മുതൽ ആറു വയസ്സു വരെയുള്ള കുട്ടികൾക്കായി കൈറ്റ് വിക്ടേഴ്സ് ചാനലിൽ ആരംഭിച്ച വിനോദ വിജ്ഞാന പരിപാടി

**കിളിക്കൊഞ്ചൽ**

◊ കൊവിഡ് 19 പശ്ചാത്തലത്തിൽ കുടുംബശ്രീയുടെ സഹകരണത്തോടെ വിദ്യാർത്ഥികൾക്ക് ഓൺലൈൻ പഠനത്തിനായി സബ്സിഡി നിരക്കിൽ ലാപ്ടോപ്പുകൾ

CAREER ONLINE
CLASSES NOW AVAILABLE FOR LD Clerk, LP/UP School Teachers, and all other PSC exams..
NOW AVAILABLE ON GET IT ON Google Play
CONTACT: 9249771004 FOR DETAILS ABOUT FRESH E- LEARNING BATCHES
KERALA'S No. 1 RESULT MAKERS
CAREER GUIDANCE BUREAU
ATTINGAL - 8590 333 999 | 0470-2621106 | www.careerguidancebureau.com

നൽകുന്ന കെ.എസ്.എഫ്.ഇ. പദ്ധതി

**വിദ്യാശ്രീ**

- സംസ്ഥാന സാമൂഹികനീതി വകുപ്പ് കാഴ്ച പരിമിതരായ സ്ത്രീകൾക്ക് പ്രസവാനന്തരം ശിശുക്കളുടെ പരിചരണത്തിന് സാമ്പത്തിക സഹായം നൽകുന്നതിനായി ആരംഭിച്ച പദ്ധതി

**മാതൃ ജ്യോതി**

- കൊവിഡ് മുക്തരായ രോഗികളിൽനിന്നും പ്ലാസ്മ സ്വീകരിച്ചുകൊണ്ടുള്ള പ്ലാസ്മ തെറാപ്പിയിലൂടെ കൊവിഡ് 19 രോഗമുക്തി സാധ്യമാക്കിയ കേരളത്തിലെ ആദ്യ ആശുപത്രി

**മഞ്ചേരി മെഡിക്കൽ കോളേജ് (മലപ്പുറം)**

- മടങ്ങിയെത്തുന്ന പ്രവാസികൾക്ക് വായ്പ നൽകുന്ന നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺഡ് ഇമിഗ്രന്റ്സ് (NDPREM) പദ്ധതിയുമായി ബന്ധപ്പെട്ട് നോർക്കയുമായി ധാരണാപത്രത്തിൽ ഒപ്പിട്ടത്

**കേരള ബാങ്ക്**

- 2018 ലെ പ്രളയദുരന്തത്തിൽ പൂർണ്ണമായും വീടുകൾ നഷ്ടമായവർക്ക് വീട് നിർമ്മിച്ചു നൽകുന്നതിനായി സംസ്ഥാന സഹകരണവകുപ്പ് നടപ്പിലാക്കുന്ന പദ്ധതി

**കെയർ ഹോം**

- വൈക്കം മുഹമ്മദ് ബഷീർ അനുസ്മരണ ദിനമായി ആചരിക്കുന്നത്

**ജൂലൈ 5**

◈ 'ക്യാച്ച് ദ റെയിൻ' എന്ന ജലസംരക്ഷണാർത്ഥമുള്ള പ്രചാരണപരിപാടി ആരംഭിച്ച ജില്ല

**കാസർഗോഡ്**

◈ അടുത്തിടെ കേരള വനിതാ ശിശു വികസനവകുപ്പ്, ജുവനൈൽ ജസ്റ്റിസ് നിയമത്തിന്റെ പരിധിയിൽ വരുന്ന 18 വയസ്സുവരെ പ്രായമുള്ള കുട്ടികളുടെ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് ധനസഹായം നൽകുന്നതിനായി ആരംഭിച്ച പദ്ധതി

**വിജ്ഞാന ദീപ്തി**

✔ **സംസ്ഥാന വനിതാ - ശിശു വികസനവകുപ്പ് മന്ത്രി - കെ.കെ. ശൈലജ**

◈ അടുത്തിടെ ഉദ്ഘാടനം ചെയ്യപ്പെട്ട കേരളത്തിലെ 18-ാമത് വന്യജീവിസങ്കേതം

**കരിമ്പുഴ വന്യജീവി സങ്കേതം**

✔ 'Nasikabatrarchus Sahyadrensis' **എന്ന ശാസ്ത്രീയനാമമുള്ള 'പന്നിമൂക്കൻ തവള'യാണ് ഇവിടെ പ്രധാനമായും സംരക്ഷിക്കപ്പെടുന്നത്.**

✔ **കേന്ദ്ര വനംവകുപ്പ് മന്ത്രിയായ കെ. രാജുവാണ് ഉദ്ഘാടനം നിർവ്വഹിച്ചത്.**

◈ കേരളത്തിലെ 10-ാമത് ജൈവവൈവിധ്യ പൈതൃകകേന്ദ്രമായി പ്രഖ്യാപിക്കപ്പെട്ടത്

**നെയ്യങ്കയം**

- ✔ **കാസർഗോഡ് ജില്ലയിലാണ് ഇത് സ്ഥിതിചെയ്യുന്നത്.**

- ◈ കേരളത്തിലെ ഡിജിറ്റൽ സർവ്വകലാശാലയുടെ പ്രഥമ വൈസ് ചാൻസലറായി നിയമിതനായത്

**ഡോ. സജി ഗോപിനാഥ്**

- ◈ ശ്രീചിത്രത്തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് വികസിപ്പിച്ച കൊവിഡ് രോഗികൾക്ക് വെന്റിലേറ്ററിന്റെ അഭാവത്തിൽ ഉപയോഗിക്കുവാൻ കഴിയുന്ന ശ്വസനസഹായ സംവിധാനം

**വിപ്രോ – ചിത്ര എയർ ബ്രിഡ്ജ്**

- ◈ പുതിയ കേരള ഐ.ടി. വകുപ്പ് സെക്രട്ടറിയായി നിയമിതനായത്

**മുഹമ്മദ് വൈ. സഫറുള്ള**

- ✔ **മുഖ്യമന്ത്രിയുടെ പുതിയ പ്രിൻസിപ്പൽ സെക്രട്ടറിയായി നിയമിതനായത് – മിർ മുഹമ്മദ്**

- ◈ ഒരു ലക്ഷം മില്ല്യൺ യൂണിറ്റ് വൈദ്യുതി ഉത്പാദിപ്പിക്കുന്ന ഇന്ത്യയിലെ ആദ്യ ജലവൈദ്യുതപദ്ധതി എന്ന നേട്ടം കൈവരിച്ചത്

**ഇടുക്കി ജലവൈദ്യുത പദ്ധതി**

- ◈ സ്പെഷ്യൽ സ്കൂളുകളിലെ വിദ്യാർത്ഥികളുടെ പഠനത്തിനായി എസ്.സി.ഇ.ആർ.ടി. വികസിപ്പിച്ച സോഫ്റ്റ്‌വെയർ

**തേൻകൂട്**

- ◈ കേരളത്തിലെ ഏറ്റവും വലിയ കൊവിഡ് 19 കെയർ

സെന്റർ നിലവിൽ വരുന്നതെവിടെ?

**നാട്ടിക (തൃശൂർ)**

- സംസ്ഥാന ആദായനികുതി വകുപ്പിന്റെ പ്രിൻസിപ്പൽ ചീഫ് കമ്മിഷണറായി ചുമതലയേറ്റ ആദ്യ വനിത

**ശശികല നായർ**

- കൊവിഡ് 19 പശ്ചാത്തലത്തിൽ കുട്ടികളിലെ മാനസികസമ്മർദ്ദം ലഘൂകരിക്കുന്നതിനും ആത്മഹത്യാ പ്രവണത തടയുന്നതിനുമായി സംസ്ഥാന സർക്കാർ ആരംഭിച്ച ടെലി-കൗൺസിലിംഗ് പദ്ധതി

**ചിരി**

- 2020 ലെ ഇന്ത്യയിലെ ഏറ്റവും മികച്ച സൈബർ സുരക്ഷാ സംരംഭത്തിനുള്ള 'ഇലെറ്റ്സ് അവാർഡ് ഓഫ് എക്സലൻസ്' കരസ്ഥമാക്കിയത്

**കേരള പോലീസ് സൈബർ ഡോം**

- അടുത്തിടെ തിരുവനന്തപുരം പത്മനാഭസ്വാമിക്ഷേത്രത്തിന്റെ ഭരണാവകാശം സംബന്ധിച്ച സുപ്രീകോടതി വിധി പ്രസ്താവിച്ച ന്യായാധിപർ ആരെല്ലാം?

**ജസ്റ്റിസ് ഇന്ദു മൽഹോത്ര, ജസ്റ്റിസ് യു.യു. ലളിത്**

- കേരളത്തിലെ രണ്ടാമത്തെ സമ്പൂർണ്ണ പച്ചത്തുരുത്ത് ജില്ല

**വയനാട്**

- ✔ **കേരളത്തിലെ ആദ്യത്തെ സമ്പൂർണ്ണ പച്ചത്തുരുത്ത് ജില്ല - തിരുവനന്തപുരം**

◊ കേരളത്തിലെ ആദ്യ വനിതാ എക്സൈസ് ഇൻസ്പെക്ടറായി നിയമിതയായത്

**ഒ. സജിത**

◊ കൊവിഡ് 19നെതിരെയുള്ള 'ബ്രേക്ക് ദ ചെയിൻ' പ്രചാരണപരിപാടിയുടെ മൂന്നാം ഘട്ടത്തിന്റെ മുദ്രാവാക്യം

**ജീവന്റെ വിലയുള്ള ജാഗ്രത**

◊ 2020 ലെ 'അബുദാബി സസ്റ്റെയ്നബിലിറ്റി ലീഡർ പുരസ്കാര'ത്തിനർഹനായ മലയാളി

**എം.എ. യൂസഫലി**

◊ ഗോത്രവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കായി സമഗ്രശിക്ഷാ കേരള ആരംഭിച്ച ഓൺലൈൻ പഠനക്ലാസ്സ്

**മഴവിൽപ്പൂവ്**

◊ കേരളത്തിലാദ്യമായി കൊവിഡ് 19 പ്ലാസ്മ ബാങ്ക് നിലവിൽ വന്നത്

**മഞ്ചേരി മെഡിക്കൽ കോളേജ് (മലപ്പുറം)**

◊ അടുത്തിടെ കൊവിഡ് 19 പ്രതിരോധത്തിനായുള്ള ആന്റിബോഡികളെ കണ്ടെത്തുന്ന ചെലവ് കുറഞ്ഞ 'റാപ്പിഡ് ആന്റിബോഡി കാർഡ്' വികസിപ്പിച്ച സ്ഥാപനം

**രാജീവ്ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജി (തിരുവനന്തപുരം)**

◊ അടുത്തിടെ കേരളത്തിലെ ആദ്യ സമ്പൂർണ്ണ മാലിന്യമുക്ത ശുചിത്വ പദവി ലഭിച്ച മുൻസിപ്പാലിറ്റി

**വടകര (കോഴിക്കോട്)**

◈ ഇന്ത്യയിലെ ആദ്യ നാട്ടുമാവ് പൈതൃകപ്രദേശമായി പ്രഖ്യാപിക്കപ്പെട്ട സ്ഥലമേത്?

**കണ്ണപുരം (കണ്ണൂർ)**

◈ മികച്ച ഗവേഷണസ്ഥാപനത്തിനുള്ള ഭാരതീയ കാർഷിക ഗവേഷണ കൗൺസിലിന്റെ (ICAR) 'സർദാർ പട്ടേൽ പുരസ്കാരം' (10 ലക്ഷം രൂപ) നേടിയ സ്ഥാപനം

**സെൻട്രൽ മറൈൻ ഫിഷറീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (CMFRI)**

✔ **രണ്ടാം തവണയാണ് കൊച്ചി ആസ്ഥാനമായ സി.എം.എഫ്.ആർ.ഐ. ഈ പുരസ്കാരം നേടുന്നത്.**

◈ സബ് ഇൻസ്പെക്ടർമാരുടെ പാസിംഗ് ഔട്ട് പരേഡ് ആദ്യമായി ഓൺലൈനായി നടത്തിയ സംസ്ഥാനം

**കേരളം**

◈ നൂറുൽ ഇസ്ലാം സർവ്വകലാശാല ഏർപ്പെടുത്തിയ, മുൻ രാഷ്ട്രപതി എ.പി.ജെ. അബ്ദുൾകലാമിന്റെ സ്മരണാർത്ഥമുള്ള 'എ.പി.ജെ. പുരസ്കാര'ത്തിന് അടുത്തിടെ അർഹനായത്

**എസ്. സോമനാഥ് (വി.എസ്.എസ്.സി. ഡയറക്ടർ)**

## ദേശീയ വാർത്തകൾ

◈ ഇന്ത്യയുടെ സോളിസിറ്റർ ജനറലായി വീണ്ടും നിയമിതനായത്

**തുഷാർ മേത്ത**

✔ **കേന്ദ്ര സർക്കാർ 3 വർഷത്തേക്കാണ് അദ്ദേഹത്തിന്റെ സേവന കാലാവധി നീട്ടിയത്.**

◈ സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായങ്ങളുടെ രജിസ്ട്രേഷൻ സുഗമമാക്കുന്നതിനായി കേന്ദ്ര സർക്കാർ ആരംഭിച്ച പോർട്ടൽ

**ഉദ്യം പോർട്ടൽ**

◈ അടുത്തിടെ കർഷകർക്കായി ഇ-കിസാൻ ധൻ ആപ്പ് പുറത്തിറക്കിയ ബാങ്ക്

**എച്ച് ഡി എഫ് സി ബാങ്ക്**

◈ കൊവിഡ് 19 നെതിരെയുള്ള, ക്ലിനിക്കൽ പരീക്ഷണത്തിനുള്ള ഡ്രഗ്സ് കൺട്രോളർ ജനറൽ ഓഫ് ഇന്ത്യയുടെ അനുമതി ലഭ്യമായ ഇന്ത്യയുടെ ആദ്യ തദ്ദേശീയ പ്രതിരോധ മരുന്ന്

**കൊവാക്സിൻ**

✔ **ഐ സി എം ആർ, ദേശീയ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് എന്നിവയുടെ സഹായത്തോടെ ഹൈദരാബാദ് ആസ്ഥാനമായി പ്രവർത്തിക്കുന്ന ഭാരത് ബയോടെക് ഇന്റർനാഷണൽ എന്ന കമ്പനിയാണ് 'കൊവാക്സിൻ' വികസിപ്പിക്കുന്നത്.**

◈ കേന്ദ്ര സ്റ്റാറ്റിസ്റ്റിക്സ് മന്ത്രാലയത്തിന്റെ 'പി.സി. മഹനലോബിസ് ആജീവനാന്ത പുരസ്കാരം 2020' ന് അർഹനായത്

**സി. രംഗരാജൻ (മുൻ ആർ ബി ഐ ഗവർണർ)**

✔ **ഒഫിഷ്യൽ സ്റ്റാറ്റിസ്റ്റിക്സ് മേഖലയിൽ അദ്ദേഹം**

നൽകിയ സംഭാവനകൾക്കാണ് പുരസ്കാരം.

✔ പി.സി. മഹനലോബിസിന്റെ ജന്മദിനമായ ജൂൺ 29 ആണ് ദേശീയ സ്റ്റാറ്റിസ്റ്റിക്സ് ദിനമായി ആഘോഷിക്കുന്നത്.

✔ 100% വിജയം നേടിയ വിദ്യാഭ്യാസ ജില്ല - കുട്ടനാട്

◈ ഇന്ത്യയുടെ അറ്റോർണി ജനറലായി വീണ്ടും നിയമിതനായത്

**കെ. കെ. വേണുഗോപാൽ**

✔ 2017 ൽ ഇന്ത്യയുടെ അറ്റോർണി ജനറലായി നിയമിതനായ ഇദ്ദേഹം ഈ പദവിയിലെത്തുന്ന ആദ്യ മലയാളി കൂടിയാണ്.

◈ ദേശീയ ഡോക്ടേഴ്സ് ദിനം

**ജൂലൈ 1**

2020 ലെ ദേശീയ ഡോക്ടേഴ്സ് ദിന പ്രമേയം - Lessen the Mortality of Covid 19

◈ കൊവിഡ് 19നെതിരെ എല്ലാ ജനങ്ങൾക്കും സ്ക്രീനിംഗ് നടത്തുന്നതിനായി 'കിൽ കൊറോണ കാംപെയ്ൻ' ആരംഭിച്ച സംസ്ഥാനം

**മധ്യപ്രദേശ്**

◈ ഐക്യരാഷ്ട്രസഭയുടെ യൂറോപ്യൻ ആസ്ഥാനത്ത് ഇന്ത്യയുടെ പുതിയ അംബാസിഡറായി നിയമിതനായത്

**ഇന്ദ്ര മണി പാണ്ഡെ**

✔ ഐക്യരാഷ്ട്രസഭയിലെ ഇന്ത്യയുടെ പുതിയ

**അംബാസിഡർ – ടി. എസ്. തിരുമൂർത്തി**

- ✔ **ഐക്യരാഷ്ട്രസഭയുടെ യൂറോപ്യൻ ആസ്ഥാനം – ജനീവ**

- ◈ 9 ലക്ഷത്തോളം പേർക്ക് തൊഴിൽ സാധ്യത നൽകുന്ന, ആത്മനിർഭർ ഭാരത് പദ്ധതിയുടെ ഭാഗമായി കേന്ദ്ര ഭക്ഷ്യസംസ്കരണ വകുപ്പിന്റെ നേതൃത്വത്തിൽ ആരംഭിച്ച പദ്ധതി

**പി എം ഫോർമലൈസേഷൻ ഓഫ് മൈക്രോ ഫുഡ് പ്രോസസ്സിംഗ് എന്റർപ്രൈസസ് (PM FME)**

- ✔ **കേന്ദ്ര ഭക്ഷ്യസംസ്കരണ വകുപ്പ് മന്ത്രി – ഹർസിമറത് കൗർ ബാദൽ**

- ◈ കൊവിഡ് 19 രോഗബാധയുമായി ബന്ധപ്പെട്ട് ഇന്ത്യയിലെ തന്നെ ആദ്യ പ്ലാസ്മ ബാങ്ക് നിലവിൽ വരുന്നത്

**ന്യൂഡൽഹി**

- ◈ ജൂലൈയിൽ അന്തരിച്ച പ്രമുഖ ഹിന്ദി ചലച്ചിത്ര നൃത്ത സംവിധായിക

**സരോജ് ഖാൻ**

- ✔ **മൂന്ന് തവണ മികച്ച നൃത്തസംവിധാനത്തിനുള്ള ദേശീയ പുരസ്കാരം നേടിയിട്ടുണ്ട്.**

- ◈ 10000 ത്തോളം കിടക്കകളോടുകൂടിയ ഡി ആർ ഡി ഒയുടെ നേതൃത്വത്തിൽ ഒരുക്കപ്പെട്ട സർദാർ വല്ലഭായ് പട്ടേൽ കൊവിഡ് 19 ചികിത്സാ കേന്ദ്രം ഉദ്ഘാടനം ചെയ്യപ്പെട്ടതെവിടെ?

**ഡൽഹി**

- ✔ **ചികിത്സാ കേന്ദ്രത്തിന്റെ വാർഡുകൾക്ക് ഗൽവാൻ താഴ്വരയിലെ ഇന്ത്യാ - ചൈന ഏറ്റുമുട്ടലിൽ വീരമൃത്യു വരിച്ച ഇന്ത്യൻ സൈനികരുടെ പേരാണ് നൽകുക.**
- ✔ **വെന്റിലേറ്റർ വാർഡിന് സേനാ സംഘത്തെ നയിച്ച കേണൽ ബി. സന്തോഷിന്റെ പേരാണ് നൽകിയിരിക്കുന്നത്.**

◈ ഉപരാഷ്ട്രപതി എം. വെങ്കയ്യനായിഡു ഉദ്ഘാടനം ചെയ്ത, ആർട് ഓഫ് ലിവിങ് രാജ്യാന്തര കേന്ദ്രത്തിലെ ഐ ടി വിദഗ്ധരുടെ നേതൃത്വത്തിൽ പുറത്തിറങ്ങിയ, തദ്ദേശീയ സമൂഹ മാധ്യമ ആപ്ലിക്കേഷൻ

**എലിമെന്റ്സ് (Elyments)**

- ✔ **അടുത്തിടെ രാജ്യസുരക്ഷയ്ക്ക് ഭീഷണിയാകുന്നു എന്ന കണ്ടെത്തലിനെത്തുടർന്ന് 59 ചൈനീസ് ആപ്ലിക്കേഷനുകൾ ഇന്ത്യ നിരോധിച്ചിരുന്നു.**

◈ കേന്ദ്ര സർക്കാർ ഏത് മുൻ പ്രധാനമന്ത്രിയുടെ പോസ്റ്റൽ സ്റ്റാമ്പ് പുറത്തിറക്കുവാനാണ് അടുത്തിടെ തീരുമാനിച്ചത്?

**പി. വി. നരസിംഹറാവു**

- ✔ **1921 ജൂൺ 28 ന് ജനിച്ച പി. വി. നരസിംഹറാവുവിന്റെ 100-ാം ജന്മവാർഷിക വേളയിലാണ് പോസ്റ്റൽ സ്റ്റാമ്പ് പുറത്തിറക്കുന്നത്.**

◈ ഇന്ത്യൻ റെയിൽവേയുടെ ഏറ്റവും നീളം കൂടിയ ചരക്കു ട്രെയിൻ

**ശേഷ്നാഗ്**

✔ **കേന്ദ്ര റെയിൽവേ മന്ത്രി – പീയുഷ് ഗോയൽ**

◈ അടുത്തിടെ ഐക്യരാഷ്ട്രസഭ പുറത്തിറക്കിയ 2020 ലെ സുസ്ഥിരവികസന ലക്ഷ്യ സൂചികയിൽ ഇന്ത്യയുടെ സ്ഥാനം

**117**

✔ **ഒന്നാം സ്ഥാനം – സ്വീഡൻ**

◈ രാജ്യാന്തര ഫിനാൻഷ്യൽ സർവ്വീസസ് സെന്റേഴ്സ് അതോറിറ്റിയുടെ (IFSCA) പ്രഥമ ചെയർമാനായി നിയമിതനായത്

**ഇൻജേതി ശ്രീനിവാസ്**

✔ **ഐ.എഫ്.എസ്.സി.എ. യുടെ ആസ്ഥാനം – ഗാന്ധിനഗർ (ഗുജറാത്ത്)**

◈ ഏത് വന്യജീവി സങ്കേതത്തെയാണ്അസം സംസ്ഥാന സർക്കാർ 2020 ജൂലൈയിൽ ദേശീയോദ്യാനമായി ഉയർത്താൻ തീരുമാനിച്ചത്?

**ദേഹിംഗ് പട്കായ് വന്യജീവി സങ്കേതം**

✔ **അസം മുഖ്യമന്ത്രി – സർബാനന്ദ സൊനവാൾ**

◈ യു.കെ. – ഇന്ത്യ ബിസിനസ്സ് കൗൺസിലിന്റെ സി.ഇ.ഒ. ആയി നിയമിതനായ ആദ്യ ഇന്ത്യക്കാരൻ

**ജയന്ത് കൃഷ്ണ**

◈ സ്വകാര്യമേഖലയിലെ തൊഴിൽ നിയമനങ്ങളിൽ തദ്ദേശീയരായവർക്ക് 75% സംവരണം ഏർപ്പെടുത്തിയ സംസ്ഥാനം

**ഹരിയാന**

- ✔ **ഹരിയാന മുഖ്യമന്ത്രി – മനോഹർ ലാൽ ഖട്ടർ**

◈ പ്രധാനമന്ത്രി ഉദ്ഘാടനം നിർവ്വഹിച്ച ഏഷ്യയിലെ തന്നെ ഏറ്റവും വലിയ സൗരോർജ്ജ പ്ലാന്റ് സ്ഥിതിചെയ്യുന്ന സംസ്ഥാനം

**മധ്യപ്രദേശ്**

- ✔ **മധ്യപ്രദേശിലെ രേവ ജില്ലയിലാണ് ഈ സൗരോർജ്ജ പ്ലാന്റ് സ്ഥിതിചെയ്യുന്നത്.**

◈ അടുത്തിടെ ഉത്തർപ്രദേശ് സർക്കാർ പ്രകൃതി സംരക്ഷണവുമായി ബന്ധപ്പെട്ട് 25 കോടിയോളം വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുന്നതിനായി ആരംഭിച്ച പദ്ധതി

**മിഷൻ വൃക്ഷാരോപൺ 2020**

- ✔ **ഉത്തർപ്രദേശ് മുഖ്യമന്ത്രി – യോഗി ആദിത്യനാഥ്**

◈ അടുത്തിടെ പുറത്തു വന്ന 'ഇൻഫോം റിസ്ക് ഇൻഡക്സ് 2020' ൽ ഇന്ത്യയുടെ സ്ഥാനം

**31**

- ✔ **രാജ്യങ്ങളിലെ മനുഷ്യാവകാശലംഘനം, പ്രകൃതിക്ഷോഭ സാധ്യത എന്നിവ അടിസ്ഥാനമാക്കിയുള്ള പട്ടികയാണിത്.**
- ✔ **ഒന്നാം സ്ഥാനം – സൊമാലിയ**

◈ ഏഷ്യയിലെ തന്നെ ഏറ്റവും വലിയ ഡാറ്റ സെന്റർ നിലവിൽ വന്ന ഇന്ത്യൻ നഗരം

**മുംബൈ**

◈ അടുത്തിടെ പുറത്തു വന്ന 'ഗ്ലോബൽ റിയൽ എസ്റ്റേറ്റ്

ട്രാൻസ്പാരൻസി സൂചിക'യിൽ (GRETI) ഇന്ത്യയുടെ സ്ഥാനം

**34**

- ✔ **ഒന്നാം സ്ഥാനം - യു.കെ**

◈ ഉത്തരാഖണ്ഡിൽ നിന്നും കണ്ടെത്തിയ ഇന്ത്യയിലെ ഏറ്റവും വലിയ ചിത്രശലഭം

**ഗോൾഡൻ ബേർഡ്വിംഗ്**

◈ ഏത് രാജ്യത്തെ സർവ്വേയാണ് ലോകത്തിലെ ഏറ്റവും വലിയ വന്യജീവി സർവ്വേ എന്ന പേരിൽ ഗിന്നസ് ബുക്കിൽ ഇടം നേടിയത്?

**ഇന്ത്യ**

- ✔ **ദേശീയ കടുവ സംരക്ഷണ അതോറിറ്റിയുടെയും വൈൽഡ് ലൈഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യയുടെയും നേതൃത്വത്തിൽ 2018-2019 കാലയളവിൽ നടന്ന കടുവകളുടെ കണക്കെടുപ്പിനാണ് റെക്കോർഡ് ലഭിച്ചത്.**

◈ പാൽ ഉത്പന്നങ്ങളുടെ ശുദ്ധത ഉറപ്പുവരുത്തുന്നതിനായി 'പ്യുവർ ഫോർ ഷുവർ' പ്രചാരണപരിപാടി ആരംഭിച്ച സംസ്ഥാനം

**രാജസ്ഥാൻ**

◈ ലോകാരോഗ്യ സംഘടന കൊവിഡ് 19 മഹാമാരിക്കെതിരെയുള്ള പ്രതിരോധത്തിൽ ആഗോള തലത്തിൽ തന്നെ മികച്ച മാതൃകയെന്ന് വിലയിരുത്തിയ ഇന്ത്യയിലെ പ്രദേശം

**ധാരാവി (മുംബൈ)**

◈ ഇന്ത്യയുടെ പ്രഥമ ശുക്ര ഗ്രഹ ദൗത്യമായ 'ശുക്രയാൻ – I' മായി സഹകരിക്കുന്ന രാഷ്ട്രം

**സ്വീഡൻ**

◈ ഇന്ത്യയുടെ ഡിജിറ്റൽവത്കരണത്തിന് ശക്തി പകരാനായി 75,000 കോടിയോളം രൂപയുടെ വൻനിക്ഷേപം നടത്തുമെന്ന് പ്രഖ്യാപിച്ച ആഗോള സാങ്കേതിക കമ്പനി

**ഗൂഗിൾ**

✔ **ഗൂഗിൾ സി.ഇ.ഒ. – സുന്ദർ പിച്ചൈ**

◈ 2019 ലെ സ്വിസ് ബാങ്ക് നിക്ഷേപത്തിൽ ഇന്ത്യയുടെ സ്ഥാനം

**77**

✔ **ഒന്നാം സ്ഥാനം – ഇംഗ്ലണ്ട്**

◈ പാരിസ് ആസ്ഥാനമായി പ്രവർത്തിക്കുന്ന ഇന്റർനാഷണൽ അക്കാദമി ഓഫ് അസ്ട്രോനോട്ടിക്സ് (IAA) ഏർപ്പെടുത്തിയ 2020 ലെ 'വോൺ കാർമാൻ' പുരസ്കാരം കരസ്ഥമാക്കിയത്

**ഡോ.കെ. ശിവൻ (ഐ.എസ്.ആർ.ഒ. ചെയർമാൻ)**

◈ ഏത് രാജ്യമാണ് ചാബഹാർ – സഹെദാൻ റെയിൽ പദ്ധതിയിൽ നിന്നും ഇന്ത്യയെ ഒഴിവാക്കിയത്?

**ഇറാൻ**

✔ **ചൈനയുമായി പുതിയ കരാറിലേർപ്പെടാനാണ്**

തീരുമാനം.

- ഏതു രാജ്യത്തിന്റെ സഹകരണത്തോടെയാണ് ഭൂട്ടാനിൽ ഖോലോങ്ചു ജലവൈദ്യുത പദ്ധതി നിർമ്മിക്കുന്നത്?

**ഇന്ത്യ**

- ഇന്ത്യയിലെ ആദ്യത്തെ മാരിടൈം ക്ലസ്റ്റർ നിലവിൽ വരുന്ന സംസ്ഥാനം

**ഗോവ**

- ✔ **ഗോവ മുഖ്യമന്ത്രി – പ്രമോദ് സാവന്ത്**

- ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കിന്റെ ഉപാദ്ധ്യക്ഷനായി അടുത്തിടെ നിയമിതനായത്

**അശോക് ലവാസ**

- ✔ **ഇന്ത്യയുടെ ഇലക്ഷൻ കമ്മിഷണറാണ് അശോക് ലവാസ.**

- ഇന്ത്യയിലാദ്യമായി സമ്പൂർണ്ണ സമ്പർക്കരഹിത കാർ പാർക്കിംഗ് സംവിധാനം നിലവിൽ വന്ന വിമാനത്താവളം

**രാജീവ്ഗാന്ധി അന്താരാഷ്ട്ര വിമാനത്താവളം (ഹൈദരാബാദ്)**

- ഡ്രഗ് കൺട്രോളർ ജനറൽ ഓഫ് ഇന്ത്യയുടെ അംഗീകാരം നേടിയ ഇന്ത്യയുടെ ആദ്യ തദ്ദേശീയ ന്യൂമോണിയ വാക്സിൻ വികസിപ്പിച്ച സ്ഥാപനമേത്?

**സിറം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യ (പുണെ)**

- തെക്കേ അമേരിക്കൻ രാഷ്ട്രമായ സുരിനാമിന്റെ പുതിയ പ്രസിഡന്റായി നിയമിതനായ ഇന്ത്യൻ വംശജൻ

**ചന്ദ്രികാപ്രസാദ് സന്തോഖി**

- ഇന്ത്യയുമായുള്ള വ്യാപാരബന്ധം മെച്ചപ്പെടുത്തുന്നതിനായി പുതിയ ട്രേഡ് റൂട്ട് ആരംഭിച്ച രാജ്യം

**ഭൂട്ടാൻ**

- കൊവിഡ് 19 രോഗികൾക്ക് ചികിത്സാ സഹായം ലഭിക്കുന്നതിനായി ഐ.ആർ.ഡി.എ.ഐ. (IRDAI) ആരംഭിച്ച ഇൻഷുറൻസ് പദ്ധതികൾ

**കൊറോണ കവച്, കൊറോണ രക്ഷക്**

- ഇന്ത്യയിൽ പുതിയ ഉപഭോക്തൃ സംരക്ഷണനിയമം (Consumer Protection Act 2019) പ്രാബല്യത്തിൽ വന്നതെന്ന്?

**2020 ജൂലൈ 20**

- ✔ **1986 ലെ ഉപഭോക്തൃ സംരക്ഷണനിയമത്തിനു പകരമാണ് പുതിയ നിയമം പ്രാബല്യത്തിൽ വന്നത്.**

- 2020 ജൂലൈയിൽ അന്തരിച്ച മധ്യപ്രദേശ് ഗവർണറും മുൻ കേന്ദ്ര മന്ത്രിയുമായിരുന്ന വ്യക്തി

**ലാൽജി ടണ്ഡൻ**

- ✔ **ഇതിനെത്തുടർന്ന് മധ്യപ്രദേശ് സംസ്ഥാനത്തിന്റെകൂടി അധികച്ചുമതല രാഷ്ട്രപതി ഉത്തർപ്രദേശ് ഗവർണറായ ആനന്ദിബെൻ പട്ടേലിനു കൈമാറി.**

- ഏതു സംസ്ഥാന ഗവൺമെന്റാണ് 2021 മാർച്ച് 31നകം നിലവിലുള്ള 13 ജില്ലകൾ വിഭജിച്ച് 25 ജില്ലകളാക്കാൻ തീരുമാനിച്ചത്?

**ആന്ധ്രാപ്രദേശ്**

- ✔ **ആന്ധ്രാപ്രദേശ് മുഖ്യമന്ത്രി - വൈ.എസ്. ജഗൻമോഹൻ റെഡ്ഡി**

◈ അടുത്തിടെ ഝലം നദിയിൽ 'ആസാദ് പഠാൻ ജലവൈദ്യുത പദ്ധതി' നിർമ്മിക്കുന്നതിനായി പാകിസ്ഥാനുമായി കരാറിലേർപ്പെട്ട രാജ്യം

**ചൈന**

◈ വിദ്യാർത്ഥികളുടെ മാനസികാരോഗ്യം മെച്ചപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ, ആരംഭിച്ച പദ്ധതി

**മനോദർപ്പൺ**

◈ ദേശീയ ധാതുവികസന കോർപ്പറേഷന്റെ പുതിയ ചെയർമാൻ & മാനേജിംഗ് ഡയറക്ടറായി നിയമിതനായ വ്യക്തി

**സുമിത് ദേബ്**

◈ ഇന്ത്യയുടെ അഭിമാനദൗത്യമായ ചന്ദ്രയാൻ 2 ന്റെ വിക്ഷേപണത്തിന്റെ ഒന്നാം വാർഷികം ആഘോഷിച്ച തെന്ന്?

**2020 ജൂലൈ 22**

- ✔ **2019 ജൂലൈ 22 നായിരുന്നു ചന്ദ്രയാൻ 2 വിക്ഷേപിച്ചത്.**
- ✔ **വിക്ഷേപണ വാഹനം - ജി.എസ്.എൽ.വി MkIII - M1**
- ✔ **ചന്ദ്രന്റെ ദക്ഷിണ ധ്രുവത്തിൽ ഇറങ്ങുന്നതിന് തൊട്ടുമുൻപ് ചന്ദ്രയാനിലെ ലാൻഡർ 'വിക്രമി'ന്റെ നിയന്ത്രണം നഷ്ടപ്പെട്ടുവെങ്കിലും ഓർബിറ്റർ ചന്ദ്രന്റെ**

**ഭ്രമണപഥത്തിൽ ചാന്ദ്രപഠനം തുടരുകയാണ്.**

◈ ദേശീയ പ്രക്ഷേപണദിനം

**ജൂലൈ 23**

◈ 'കാർഗിൽ വിജയദിന'മായി ആഘോഷിക്കുന്നത്

**ജൂലൈ 26**

✔ **1999 ജൂലൈ 26 നാണ് 'ഓപ്പറേഷൻ വിജയ്' എന്ന പേരിൽ കരസേനയും 'ഓപ്പറേഷൻ സഫേദ് സാഗർ' എന്ന പേരിൽ വ്യോമസേനയും നടത്തിയ ദൗത്യങ്ങളിലൂടെ പാകിസ്ഥാൻ സേനയ്ക്കെതിരെ കാർഗിലിൽ ഇന്ത്യ വിജയം നേടിയത്.**

◈ അടുത്തിടെ കേന്ദ്ര വനം, പരിസ്ഥിതി മന്ത്രാലയം ഏത് പരിസ്ഥിതി ദുർബല പ്രദേശത്തിന്റെ സോണൽ മാസ്റ്റർ പ്ലാനിനാണ് അംഗീകാരം നൽകിയത്?

**ഭാഗീരഥി എക്കോസെൻസിറ്റീവ് സോൺ (ഉത്തരാഖണ്ഡ്)**

✔ **കേന്ദ്ര വനം, പരിസ്ഥിതി മന്ത്രി – പ്രകാശ് ജാവദേക്കർ**

◈ 2020 ജൂലൈയിൽ ഇന്ത്യാ മഹാസമുദ്രത്തിൽ ഇന്ത്യയും അമേരിക്കയും ചേർന്ന് നടത്തിയ 'പാസെക്സ്'(PASSEX) നാവികാഭ്യാസത്തിൽ പങ്കെടുത്ത അമേരിക്കയുടെ ഏറ്റവും വലിയ വിമാനവാഹിനിക്കപ്പൽ

**യു.എസ്.എസ്. നിമിറ്റ്സ്**

◈ ഇന്ത്യയിലെ ആദ്യ തേൻ പരിശോധനാ ലബോറട്ടറി ആരംഭിച്ച സംസ്ഥാനം

**ഗുജറാത്ത്**

✔ **ഗുജറാത്ത് മുഖ്യമന്ത്രി – വിജയ് രൂപാനി**

◈ ഇന്ത്യൻ നാവികസേനയുടെ ഏറ്റവും വലിയ സോളാർ പ്ലാന്റ് ഉദ്ഘാടനം ചെയ്തതെവിടെ?

**ഏഴിമല നേവൽ അക്കാദമി**

◈ അടുത്തിടെ ഇന്ത്യൻ വ്യോമസേനയുടെ ഭാഗമായ റാഫേൽ യുദ്ധവിമാനങ്ങൾ ഇന്ത്യ വാങ്ങിയത് ഏതു രാജ്യത്തിൽ നിന്നുമാണ്?

**ഫ്രാൻസ്**

✔ **ഫ്രാൻസിൽ നിന്നും ഇന്ത്യ വാങ്ങിയ റാഫേൽ വിമാനങ്ങൾ ഹരിയാനയിലെ അംബാല വ്യോമസേനാത്താവള ത്തിലാണ് എത്തിച്ചേർന്നത്.**

◈ കാലാവസ്ഥാ പ്രവചനങ്ങൾക്കായി കേന്ദ്ര ഗവൺമെന്റ് പുറത്തിറക്കിയ പുതിയ മൊബൈൽ ആപ്ലിക്കേഷൻ

**മോസം**

◈ പുതിയ ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായി കേന്ദ്ര മാനവവിഭവശേഷി മന്ത്രാലയത്തിനെ എങ്ങനെയാണ് പുന:നാമകരണം ചെയ്തത്?

**വിദ്യാഭ്യാസമന്ത്രാലയം**

✔ **നിലവിൽ വിദ്യാഭ്യാസം മാനവവിഭവശേഷി മന്ത്രാലയത്തിനു കീഴിലാണ് ഉൾപ്പെട്ടിട്ടുള്ളത്.**

✔ **'ദേശീയ വിദ്യാഭ്യാസ നയം 2020' രൂപപ്പെടുത്തിയിട്ടുള്ളത് കെ. കസ്തൂരിരംഗൻ കമ്മിറ്റിയുടെ നിർദ്ദേശങ്ങൾക്കനുസൃതമായാണ്.**

◈ 2020 ജൂലൈയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഏത് രാജ്യത്തെ സുപ്രീംകോടതി കെട്ടിടത്തിന്റെ

ഉദ്ഘാടനമാണ് നിർവ്വഹിച്ചത്?

**മൗറീഷ്യസ്**

- ഡയറക്ടറേറ്റ് ജനറൽ ഓഫ് സിവിൽ ഏവിയേഷന്റെ (DGCA) അംഗീകാരം നേടിയ ഇന്ത്യയിലെ ആദ്യ ഡ്രോൺ പരിശീലന കേന്ദ്രം

**ബോംബെ ഫ്ളൈയിംഗ് ക്ലബ്ബ്**

- ഇന്ത്യൻ മഹാസമുദ്രത്തിൽ ചൈന തങ്ങളുടെ സ്വാധീനം വർദ്ധിപ്പിക്കുന്നതിനായി രൂപീകരിച്ച 'സ്ട്രിംഗ് ഓഫ് പേൾസ്' പദ്ധതിക്ക് പകരമായി ഇന്ത്യ രൂപീകരിച്ച പദ്ധതി

**നെക്ക്ലെയ്സ് ഓഫ് ഡയമണ്ട്സ്**

## വാർത്തകളിലെ പുസ്തകങ്ങൾ

- അടുത്തിടെ പുറത്തിറങ്ങിയ 'ഓവർഡ്രാഫ്റ്റ്: സേവിംഗ് ദ ഇന്ത്യൻ സേവർ' എന്ന പുസ്തകത്തിന്റെ രചയിതാവ്

**ഊർജിത് പട്ടേൽ**

- 'ഇഫ് ഇറ്റ് ബ്ലീഡ്സ്'എന്ന പുസ്തകത്തിന്റെ രചയിതാവ്

**സ്റ്റീഫൻ കിംഗ്**

- 'എ സോങ് ഓഫ് ഇന്ത്യ: ദ ഇയർ ഐ വെന്റ് എവേ' എന്ന പുസ്തകത്തിന്റെ രചയിതാവ്

**റസ്കിൻ ബോണ്ട്**

- 'ദി ഇന്ത്യാ വേ: സ്ട്രാറ്റജീസ് ഫോർ ആൻ അൺസർട്ടെയ്ൻ വേൾഡ്' എന്ന പുസ്തകത്തിന്റെ രചയിതാവ്

**എസ്. ജയശങ്കർ (കേന്ദ്ര വിദേശകാര്യവകുപ്പ് മന്ത്രി)**

## ലോക വാർത്തകൾ

◈ അന്താരാഷ്ട്ര സഹകരണദിനം

**ജൂലൈ 4**

✔ **2020 അന്താരാഷ്ട്ര സഹകരണദിനത്തിന്റെ പ്രമേയം – Cooperatives for Climate Action**

◈ 2020 ജൂലൈയിൽ കൊവിഡ് 19 വാക്സിനുവേണ്ടിയുള്ള പരീക്ഷണങ്ങൾക്കു കരുത്ത് പകർന്നുകൊണ്ട് മനുഷ്യരിലെ രണ്ടാംഘട്ട പരീക്ഷണവും വിജയകരമായി പൂർത്തിയാക്കിയ ഓക്സ്ഫഡ് സർവ്വകലാശാലയുടെ സാധ്യതാ വാക്സിൻ

**AZD 1222**

✔ **പ്രമുഖ മരുന്ന് നിർമ്മാണ കമ്പനിയായ 'അസ്ട്രാസെനക്ക' യുമായി ചേർന്നാണ് ഓക്സ്ഫഡ് സർവ്വകലാശാല വാക്സിൻ വികസിപ്പിച്ചത്.**

✔ **AZD 1222 ന്റെ ഇന്ത്യയിലെ വിളിപ്പേര് – കൊവിഷീൽഡ്**

◈ ജൂലൈയിൽ വിജയകരമായി വിക്ഷേപിച്ച യു.എ.ഇ.യുടെ ചൊവ്വാ പര്യവേക്ഷണപേടകം

**ഹോപ്പ് (അൽ അമൽ)**

✔ **അറബ് മേഖലയിൽ നിന്നുമുള്ള ആദ്യ ചൊവ്വാ ദൗത്യം കൂടിയാണ് 'അൽ അമൽ' എന്നും അറിയപ്പെടുന്ന 'ഹോപ്പ്'.**

◈ പുതിയ ഫ്രഞ്ച് പ്രധാനമന്ത്രിയായി നിയമിതനായത്

**ജീൻ കാസ്റ്റക്സ്**

◈ 'ഒഫെക് 16' എന്ന ചാര ഉപഗ്രഹം വിജയകരമായി വിക്ഷേപിച്ച രാജ്യം

**ഇസ്രയേൽ**

✔ **ഇസ്രയേൽ പ്രധാനമന്ത്രി – ബെഞ്ചമിൻ നെതന്യാഹു**

◈ ലോകാരോഗ്യ സംഘടനയിൽ നിന്നും ഒരു വർഷത്തിനകം പിന്മാറുമെന്ന് ഔദ്യോഗികമായി പ്രഖ്യാപിച്ച രാജ്യം

**അമേരിക്ക**

✔ **ലോകാരോഗ്യ സംഘടനയുടെ ആസ്ഥാനം – ജനീവ (സ്വിറ്റ്സർലന്റ്)**

◈ ലോകാരോഗ്യ സംഘടനയിൽ ഉൾപ്പെടുന്ന തെക്കു-കിഴക്കൻ ഏഷ്യൻ രാജ്യങ്ങളിൽ ആദ്യമായി മീസിൽസ്, റുബെല്ല രോഗങ്ങളെ നിർമാർജ്ജനം ചെയ്തതായി പ്രഖ്യാപിച്ച രാജ്യങ്ങൾ

**മാലിദ്വീപ്, ശ്രീലങ്ക**

◈ ഐ.എസ്.ആർ.ഒ. വഴി വിക്ഷേപണത്തിന് തയ്യാറെടുക്കുന്ന ബ്രസീലിന്റെ ആദ്യ ഭൗമനിരീക്ഷണ ഉപഗ്രഹം

**ആമസോണിയ 1**

✔ **ബ്രസീൽ പ്രസിഡന്റ് – ജയിർ ബൊൽസൊനാരോ**

◈ അടുത്തിടെ ഏത് രാജ്യമാണ് കൽക്കരി, ആണവോർജ്ജപ്ലാന്റുകൾ എന്നിവയിൽ നിന്നുമുള്ള ഊർജ്ജോത്പാദനം ഘട്ടം ഘട്ടമായി ഒഴിവാക്കാൻ

തീരുമാനിച്ചത്?

**ജർമ്മനി**

◈ ലോകാരോഗ്യ സംഘടന കൊവിഡ് 19 മഹാമാരിയോടുള്ള ലോകജനതയുടെ പ്രതികരണം നിരീക്ഷിക്കുവാനായി രൂപീകരിച്ച സ്വതന്ത്ര സമിതിയുടെ (IPPR) അദ്ധ്യക്ഷസ്ഥാനത്തെത്തിയ വനിതകൾ

**ഹെലൻ എലിസബത്ത് ക്ലാർക്ക്, എലൻ ജോൺസൺ സർലിഫ്**

✔ **ഹെലൻ എലിസബത്ത് ക്ലാർക്ക് ന്യൂസിലന്റിന്റെ മുൻ പ്രധാനമന്ത്രിയാണ്.**

✔ **എലൻ ജോൺസൺ സർലിഫ് മുൻ ലൈബീരിയൻ പ്രസിഡന്റ് പദവി വഹിച്ചിട്ടുണ്ട്.**

◈ അടുത്തിടെ വിക്ഷേപിക്കപ്പെട്ട 'ടിയാൻവെൻ 1' എന്ന ചൊവ്വാ പര്യവേക്ഷണദൗത്യം ഏത് രാജ്യത്തിന്റേതാണ്?

**ചൈന**

✔ **ചൈനയുടെ രണ്ടാമത്തെ ചൊവ്വാപര്യവേക്ഷണ ദൗത്യമാണ് ഇത്.**

✔ **'അപ്സ്റ്റാർ 6 ഡി' എന്ന വാർത്താവിനിമയ ഉപഗ്രഹം വിക്ഷേപിച്ച രാജ്യം – ചൈന**

◈ അടുത്തിടെ തുർക്കി സർക്കാർ മുസ്ലിം ആരാധനാലയമായി പ്രഖ്യാപിച്ച, ലോക പൈതൃകപട്ടികയിൽ ഉൾപ്പെട്ട നിർമ്മിതി

**ഹഗിയ സോഫിയ**

◈ ജനഹിത പരിശോധനയിലൂടെയുള്ള ഭരണഘടനാ ഭേദഗതിയിലൂടെ അടുത്തിടെ 2036 വരെ അധികാരത്തിൽ തുടരാനുള്ള അനുമതി ലഭിച്ച രാഷ്ട്രത്തലവൻ

**വ്ളാദമിർ പുടിൻ**

◈ പോളണ്ടിന്റെ പ്രസിഡന്റായി വീണ്ടും തെരഞ്ഞെടുക്കപ്പെട്ടത്

**ആന്ദ്രേജ് ദുദാ**

◈ കഴിഞ്ഞ വർഷം പ്രവർത്തനം അവസാനിപ്പിച്ച 'ഗൂഗിൾ പ്ലസ്സി'നു പകരമായി ഗൂഗിൾ ആരംഭിച്ച പുതിയ ആപ്ലിക്കേഷൻ

**ഗൂഗിൾ കറന്റ്സ്**

◈ ലോക യുവജന നൈപുണ്യദിനം

**ജൂലൈ 15**

✔ **2020 ലെ ലോക യുവജന നൈപുണ്യദിനത്തിന്റെ പ്രമേയം – Skills for a Resilient Youth**

◈ യു.എൻ. പൊതുസഭ ഏതു വർഷത്തെയാണ് 'പഴങ്ങളുടെയും പച്ചക്കറികളുടെയും അന്താരാഷ്ട്ര വർഷ'മായി പ്രഖ്യാപിച്ചത്?

**2021**

✔ **ഐക്യരാഷ്ട്രസഭ അന്താരാഷ്ട്ര ബാലവേല നിർമ്മാർജന വർഷമായി (International Year for the Elimination of Chilld Labour) ആഘോഷിക്കാൻ തീരുമാനിച്ചതും 2021 ആണ്.**

◈ മണ്ടേലാ ദിനമായി ആചരിക്കുന്നത്

**ജൂലൈ 18**

✔ **നെൽസൺ മണ്ടേലയോടുള്ള ആദരസൂചകമായാണ് അദ്ദേഹത്തിന്റെ ജന്മദിനമായ ജൂലൈ 18 മണ്ടേല ദിനമായി ആചരിക്കുന്നത്.**

✔ **1918 ജൂലൈ 18നാണ് ബ്രിട്ടീഷ് അധീനതയിലായിരുന്ന ദക്ഷിണാഫ്രിക്കയിൽ മണ്ടേല ജനിച്ചത്.**

◈ കൊവിഡ് 19ന്റെ പശ്ചാത്തലത്തിൽ പൊതുതെരഞ്ഞെടുപ്പ് നടത്തിയ ആദ്യ ഏഷ്യൻ രാജ്യം

**ദക്ഷിണ കൊറിയ**

◈ ഐക്യരാഷ്ട്രസഭ 'പ്രഥമ ലോക ചെസ്സ് ദിന'മായി ആഘോഷിച്ചത്

**2020 ജൂലൈ 20**

◈ അടുത്തിടെ അന്തരിച്ച പ്രശസ്ത ദക്ഷിണാഫ്രിക്കൻ വർണവിവേചനവിരുദ്ധ പ്രവർത്തകൻ

**ആൻഡ്രൂ മൻഗേനി**

◈ അടുത്തിടെ വികസിപ്പിച്ചെടുത്ത ലോകത്തിലെ ഒരു ഉപകരണം കൊണ്ടും മുറിക്കാൻ സാധ്യമല്ലാത്ത വസ്തു

**പ്രോടിയസ്**

✔ **ബ്രിട്ടനിലെ ഡർഹം സർവ്വകലാശാല, ജർമനിയിലെ ഫ്രാൻഹോഫർ ഇൻസ്റ്റിറ്റ്യൂട്ട് എന്നിവിടങ്ങളിലെ ഗവേഷകരാണ് പ്രോടിയസ് വികസിപ്പിച്ചെടുത്തത്.**

✔ **ഇതൊരു അലുമിനിയം – സിറാമിക് സംയുക്തമാണ്.**

◈ അടുത്തിടെ ആൻഡ്രോയ്ഡ് ഓപ്പറേറ്റിംഗ് സിസ്റ്റത്തിൽ കണ്ടെത്തിയ പുതിയ മാൽവെയർ

**ബ്ലാക്ക്റോക്ക് (BlackRock)**

◈ സൗരമണ്ഡലത്തിലെ 'ക്യാംപ് ഫയർ പ്രതിഭാസ'ത്തെക്കുറിച്ചുള്ള സൂചനകൾ നൽകിയ ഉപഗ്രഹം

**സോളാർ ഓർബിറ്റർ (SolO)**

✔ **സൗരമണ്ഡലത്തിൽ സംഭവിക്കുന്ന ചെറു വിസ്ഫോടനങ്ങളെയാണ് 'ക്യാംപ് ഫയർ പ്രതിഭാസം' എന്ന് വിളിക്കുന്നത്.**

◈ ലോകവ്യാപാര സംഘടനയുടെ നിരീക്ഷക പദവി ലഭിച്ച 25-ാമത്തെ രാജ്യം

**തുർക്ക്മെനിസ്ഥാൻ**

✔ **ലോകവ്യാപാര സംഘടനയുടെ (WTO) ആസ്ഥാനം - ജനീവ (സ്വിറ്റ്സർലന്റ്)**

◈ അടുത്തിടെ ലോകമെമ്പാടുമുള്ള 190 ലധികം രാജ്യങ്ങളിൽ നിന്നും കൊവിഡ് 19 രോഗവുമായി ബന്ധപ്പെട്ട രേഖകൾ ശേഖരിക്കുന്നതിനായി ലോകാരോഗ്യ സംഘടനയും യു.എൻ.ഡി.പി. തുടങ്ങിയ യു.എൻ. അനുബന്ധ സംഘടനകളും സംയുക്തമായി ആരംഭിച്ച സംരംഭം

**കൊവിഡ് 19 ലോ ലാബ് (Covid 19 Law Lab)**

◈ ലോക പ്രകൃതി സംരക്ഷണദിനം

**ജൂലൈ 28**

✔ **ലോക പരിസ്ഥിതി ദിനം - ജൂൺ 5**

◈ ലോക ഹെപ്പറ്റൈറ്റിസ്ദിനം

**ജൂലൈ 28**

◈ കടുവകളുടെ സംരക്ഷണാർത്ഥം 'ആഗോള കടുവാദിന'മായി ആചരിക്കുന്നത്

**ജൂലൈ 29**

## കായിക വാർത്തകൾ

◈ 21-ാം നൂറ്റാണ്ടിലെ ഇന്ത്യയുടെ ഏറ്റവും മൂല്യമേറിയ ടെസ്റ്റ് ക്രിക്കറ്റ് താരമായി വിസ്ഡൻ ഇന്ത്യ തെരഞ്ഞെടുത്തത്

**രവീന്ദ്ര ജഡേജ**

◈ 2020 ജൂലൈയിൽ അന്താരാഷ്ട്ര ക്രിക്കറ്റിൽ നിന്നും വിരമിച്ച വനിതാ ന്യൂസിലന്റ് ക്രിക്കറ്റ് താരം

**റേച്ചൽ പ്രീസ്റ്റ്**

◈ അടുത്തിടെ കായികനയം നടപ്പിലാക്കാത്തതിനെത്തുടർന്ന് രാജ്യത്തെ എത്ര കായിക ഫെഡറേഷനുകളുടെ അംഗീകാരമാണ് റദ്ദാക്കപ്പെട്ടത്?

**57**

◈ ലോക ബാഡ്മിന്റണിൽ നിന്നും വിരമിക്കൽ പ്രഖ്യാപിച്ച പ്രശസ്ത ചൈനീസ് ബാഡ്മിന്റൺ താരം

**ലിൻ ഡാൻ**

✔ **ലോക ബാഡ്മിന്റണിൽ എല്ലാ മേജർ കിരീടങ്ങളും നേടിയ ഒരേ ഒരു താരമാണ് ലിൻ ഡാൻ.**

✔ **2008, 2012 ഒളിംപിക്സുകളിൽ സ്വർണ്ണം നേടി.**

◈ 2020 ലെ ജർമ്മൻ ഫുട്ബോൾ കപ്പ് ജേതാക്കൾ

**ബയൺ മ്യൂണിക്ക്**

◈ അടുത്തിടെ ലോകത്തിലെ തന്നെ ഏറ്റവും മികച്ച 12 അംപയർമാരുടെ സംഘമായ ഐ സി സി എലീറ്റ് പാനലിൽ അംഗമാകുന്ന ഏറ്റവും പ്രായം കുറഞ്ഞ വ്യക്തിയെന്ന ബഹുമതി നേടിയത്

**നിതിൻ മേനോൻ**

✔ **ഈ ബഹുമതി നേടുന്ന മൂന്നാമത്തെ ഇന്ത്യക്കാരനാണ് മലയാളി കൂടിയായ നിതിൻ മേനോൻ.**

◈ അടുത്തിടെ അന്താരാഷ്ട്ര ഫുട്ബോളിൽ നിന്നും വിരമിച്ച ജർമ്മൻ താരം

**മരിയോ ഗോമസ്**

◈ ദേശീയ ഉത്തേജകമരുന്ന് വിരുദ്ധ സംഘടനയായ 'നാഡ', കായികതാരങ്ങളെ നിരോധിക്കപ്പെട്ട മരുന്നുകളുടെ ഉപയോഗമുണ്ടാക്കുന്ന ദോഷഫലങ്ങളെപ്പറ്റി ബോധവാന്മാരാക്കുന്നതിനായി ആരംഭിച്ച മൊബൈൽ ആപ്ലിക്കേഷൻ

**നാഡ ഇന്ത്യ ആപ്പ്**

◈ കൊറോണ വൈറസ് വ്യാപനത്തെത്തുടർന്നുണ്ടായ 117 ദിവസങ്ങളോളം നീണ്ട ഇടവേളയ്ക്കു ശേഷം അടുത്തിടെ വീണ്ടും രാജ്യാന്തര ക്രിക്കറ്റിനു തുടക്കം കുറിച്ച മത്സരം

**ഇംഗ്ലണ്ട് – വെസ്റ്റ് ഇൻഡീസ് ടെസ്റ്റ് മത്സരം**

✔ **മത്സരത്തിന് ആതിഥേയത്വം വഹിച്ചത് ഇംഗ്ലണ്ടാണ്.**

◈ 'ഹോക്കി ഇന്ത്യ'യുടെ പുതിയ അദ്ധ്യക്ഷനായി നിയമിതനായത്

**ഗ്യാനേന്ദ്രോ നിംഗോംബാം**

✔ **അദ്ധ്യക്ഷനായിരുന്ന മുഷ്താക്ക് അഹമ്മദ് അടുത്തിടെ രാജിവെച്ചിരുന്നു.**

◈ 2021 ലെ ഏഷ്യ കപ്പ് ക്രിക്കറ്റിനു വേദിയാകുന്ന രാജ്യം

**ശ്രീലങ്ക**

◈ 2019–20 സീസണിലെ സ്പാനിഷ് ലാലിഗ ഫുട്ബോൾ കിരീട ജേതാക്കൾ

**റയൽ മഡ്രിഡ്**

◈ പരീക്ഷണാർത്ഥത്തിലുള്ള പുതിയ ക്രിക്കറ്റ് ഫോർമാറ്റായ 'ത്രീ റ്റി'(3T) ക്രിക്കറ്റ് അരങ്ങേറിയ രാജ്യം

**ദക്ഷിണാഫ്രിക്ക**

✔ **8 പേർ വീതമുള്ള 3 ടീമുകൾ 12 ഓവറുകൾ വീതം കളിക്കുന്ന ടൂർണമെന്റാണ് 'ത്രീ റ്റി'(3T) ക്രിക്കറ്റ്.**

◈ കൊവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ സെനഗലിൽ 2022 ൽ നടത്താനിരുന്ന യൂത്ത് ഒളിമ്പിക്സ് ഏതു വർഷത്തേക്കാണ് മാറ്റിവെച്ചത്?

**2026**

◈ ലോകത്തെ മികച്ച ഫുട്ബോളർക്കു നൽകപ്പെടുന്ന ഏത് പ്രശസ്ത പുരസ്കാരത്തിന്റെ ഈ വർഷത്തെ പ്രഖ്യാപനമാണ് അടുത്തിടെ കൊവിഡ് 19 പശ്ചാത്തലത്തിൽ ഉപേക്ഷിച്ചത്?

**ബലോൻ ദ് ഓർ**

- **കഴിഞ്ഞ വർഷത്തെ മികച്ച പുരുഷതാരത്തിനുള്ള 'ബലോൻ ദ് ഓർ പുരസ്കാരം' നേടിയത് – ലയണൽ മെസ്സി (അർജന്റീന)**
- **കഴിഞ്ഞ വർഷത്തെ മികച്ച വനിതാതാരത്തിനുള്ള 'ബലോൻ ദ് ഓർ പുരസ്കാരം' നേടിയത് – മേഗൻ റപീനോ (അമേരിക്ക)**

◈ കൊവിഡ് 19 പശ്ചാത്തലത്തിൽ ക്രിക്കറ്റ് ബോളിൽ ഉമിനീർ പുരട്ടുന്നത് വിലക്കിയ ഐ.സി.സി.യുടെ 'സലൈവ ബാൻ നിയമം' ലംഘിച്ച ആദ്യ ക്രിക്കറ്റ് താരം

**ഡോം സിബ്‌ലി (ഇംഗ്ലണ്ട്)**

◈ 2023 ലെ ഏകദിന ക്രിക്കറ്റ് ലോകകപ്പിൽ പങ്കെടുക്കുന്ന 10 ടീമുകളെ കണ്ടെത്തുന്നതിനായി ഐ.സി.സി. സംഘടിപ്പിക്കുന്ന പുതിയ ചാമ്പ്യൻഷിപ്പ്

**സൂപ്പർലീഗ്**

- **2023 ഐ.സി.സി. ഏകദിന ലോകകപ്പ് വേദി – ഇന്ത്യ**

PSC മുൻവർഷ ചോദ്യപേപ്പറുകൾ



858 9025 004
പ്രസിദ്ധീകരിച്ചിരിക്കുന്നു

KERALA'S No. 1 RESULT MAKERS
CAREER GUIDANCE BUREAU
ATTINGAL - 8590 333 999 | 0470-2621106 | www.careerguidancebureau.com